(ബി) 6-8-2005-ലെ സ.ഉ.(പി.)119/05/സാ.ക്ഷേ.വ. പ്രകാരം ക്ലാസ് 1,2 തസ്തികകളിൽ 3% സംവരണം വികലാംഗർക്കായി ഏർപ്പെടുത്തുകയും 20 തസ്തികകൾ വികലാംഗർക്ക് അനുയോജ്യമായി പ്രഖ്യാപിക്കുകയുംചെയ്തു. 13-10-2009-ലെ സ.ഉ.(പി.)43/09/സാ.ക്ഷേ.വ. പ്രകാരം ക്ലാസ് 1,2-ൽ 48 തസ്തികകൾ വികലാംഗർക്ക് അനുയോജ്യമായി പ്രഖ്യാപിക്കുകയുണ്ടായി.

(സി) ആനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) വകുപ്പദ്ധ്യക്ഷന്മാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

വയനാട് ജില്ലയിൽ നടന്ന വ്യാജ വികലാംഗ നിയമനം

89 (539) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ നിയമനങ്ങളിൽ വ്യാജ വികലാംഗർ കടന്ന് കൂടിയത് സംബന്ധിച്ച അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇത്തരം നിയമനങ്ങളിൽ അനർഹർ കടന്ന് കൂടിയത് സംബന്ധിച്ച് ഇതുവരെ നടന്ന പരിശോധനകളിൽ കണ്ടെത്തിയ വസ്തുതകൾ വെളിപ്പെടുത്താമോ ;

(സി) ജില്ലയിൽ സ്ഥിരം നിയമനങ്ങൾ ലഭിച്ചവരുടെ കൂട്ടത്തിൽ അനർഹരായ വികലാംഗർ എത്ര പേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; അവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ ; വ്യാജവികലാംഗർ എന്ന് സംശയിക്കുന്നവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) PWD റൂൾസ് 2000-ലെ സെക്ഷൻ 7 പ്രകാരം മെഡിക്കൽ കോളേജ് സൂപ്രണ്ടിനെ ചെയർമാനായും, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, ഇ.എൻ.റ്റി. വിഭാഗം തലവന്മാർ അംഗങ്ങളായുമുള്ള ഒരു അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിച്ച് ആരോപണ വിധേയരായിട്ടുള്ളവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

90 (540) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) വികലാംഗരായിട്ടുള്ള സർക്കാർ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly